LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ സ്റ്റേറ്റ് ഹൈവേ 34-ൽ ബൈപ്പാസ് നിർമ്മിക്കാൻ നടപടി

54 [606] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സ്റ്റേറ്റ് ഹൈവേ 34-ൽ പുതിയങ്ങാടി-ഉള്ളിയേരി ഭാഗത്ത് പല സ്ഥലത്തും റോഡിന്റെ വീതിക്കുറവുമൂലം പലപ്പോഴും വാഹനക്കുരുക്ക് അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അണ്ടിക്കോട്, അത്തോളി അങ്ങാടിയിൽ പലപ്പോഴും ബസ്സുകൾക്ക് സൈഡ് കൊടുക്കുവാൻ സ്ഥലമില്ലാത്തതുകൊണ്ട് ഗതാഗത തടസ്സം വരുന്നത് കണക്കിലെടുത്ത് ബൈപ്പാസ് റോഡ് ഉണ്ടാക്കുന്നതിനുവേണ്ടി നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബൈപ്പാസ് റോഡിനുള്ള നിർദ്ദേശങ്ങളൊന്നും തൽക്കാലം പരിഗണനയിലില്ല. എന്നാൽ പ്രസ്തുത റോഡിന്റെ കി. മീ. 4/400 മുതൽ 17/400 വരെയുള്ള ഭാഗം വീതി കൂട്ടി സ്റ്റേറ്റ് ഹൈവേ നിലവാരത്തിൽ ആക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 625 ലക്ഷം രൂപയുടെ അടങ്കലുള്ള ഒരു ഏകദേശ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

55 [607] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) എന്നത്തേക്ക് ഇതിന്റെ പണി പൂർത്തീകരിക്കുവാനാണ് സർക്കാരും കരാറുകാരനും തമ്മിൽ എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ട്രക്ച്ചറൽ പണി പുരോഗമിച്ചുവരുന്നു.

(ബി) 28-3-2005-ൽ പണി പൂർത്തിയാക്കാനാണ് കരാർ ഒപ്പുവച്ചിരിക്കുന്നത്.

ചാത്തന്നൂരിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി

56 [608] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: